## 21

വന്ദനം ചെയ്തിടുവിൻ - ശ്രീയേശുവെ
വന്ദനം ചെയ്തിടുവിൻ - നിരന്തരം

1 സന്തതം സകലരും സന്തോഷധ്വനിയിൽ
സ്തോത്രം സംഗീതം പാടി.......ശ്രീയേശുവെ

2 രാജിത മഹസ്സെഴും മാ മനുസുതനെ
രാജസമ്മാനിതനെ.......ശ്രീയേശുവെ

3 കല്ലറ തുറന്നു വൻ വൈരിയെ തകർത്തു
വല്ലഭനായവനെ.......ശ്രീയേശുവെ

4 നിത്യവും നമുക്കുള്ള ഭാരങ്ങളഖിലം
തീർത്തു തരുന്നവനെ.......ശ്രീയേശുവെ

5 ഭീതിയാം കൂരിരുളഖിലവും നീക്കും
നീതിയിൻ സൂര്യനാകും.......ശ്രീയേശുവെ

6 പാപമില്ലാത്ത തൻ പരിശുദ്ധനാമം
പാടി സ്തുതിച്ചിടുവിൻ.......ശ്രീയേശുവെ

**M.E.C**